**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **20-01-2021 - ൽ മറുപടിയ്ക്ക്**

**റേഷൻകടകൾ വഴി വ്യാജ മട്ട അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല ,<br>ഡോ.എം.കെ . മുനീർ ,<br>ശ്രീ. എം . ഉമ്മർ ,<br>ശ്രീ.കെ .എൻ .എ. ഖാദർ | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിച്ച വില കുറഞ്ഞ അരി പോളിഷ് ചെയ്ത് റെഡ് ഓക്സൈഡ് ചേർത്ത് മട്ട അരി എന്ന വ്യാജേന റേഷൻ കടകളിലെത്തിക്കുകയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിച്ച വില കുറഞ്ഞ അരി പോളിഷ് ചെയ്ത് റെഡ് ഓക്സൈഡ് ചേർത്ത് മട്ട അരി എന്ന വ്യാജേന റേഷൻ കടകളിലെത്തിക്കുകയാണെന്ന ആരോപണ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് അമ്പത്തിയാറ് സ്വകാര്യ മില്ലുകൾ സർക്കാരുമായി കരാറുണ്ടാക്കിയിട്ടുണ്ടോ; | (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നടപ്പ സീസണിൽ 50 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതു പ്രകാരം നൂറ് കിലോ നെല്ല് നൽകുമ്പോൾ 64.5 കിലോ അരി തിരികെ സപ്ലൈകോയ്ക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) | മില്ലുകാരുമായിട്ടുള്ള കരാർ പ്രകാരം 100 കിലോ നെല്ല് നൽകുമ്പോൾ കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രകാരം 68 കിലോ അരി തിരികെ സപ്ലൈകോയ്ക്ക് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ഔട്ട്ടേൺ റേഷ്യോ സംബന്ധിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പരിഗണിച്ച് ആയത് 64.5% ആയി സംസ്ഥാന സർക്കാർ കുറവു ചെയ്തിട്ടുണ്ട്. |
| (ഡി) | എന്നാൽ കർഷകരിൽ നിന്ന് സംഭരിക്കുന്ന ഗുണമേന്മയുള്ള നെല്ല് അരിയാക്കി മില്ലുകൾ വൻ വിലക്ക് സ്വകാര്യ-മൊത്ത കച്ചവടക്കാർക്ക് മറിച്ചു വിൽക്കുകയും പകരം തമിഴ്നാട്, ആന്ധ്ര, മൈസുരു എന്നിവിടങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന വിലകുറഞ്ഞ വെള്ള അരി തവിട്ടുപയോഗിച്ച് യന്ത്രസഹായത്തോടെ പോളിഷ് ചെയ്ത് മട്ടയാക്കുകയും ചെയ്യുന്ന കാര്യം നേരത്തെ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നോ; | (ഡി) | കേരളത്തിൽ നിന്നുള്ള ഗുണനിലവാരം കൂടിയ നെല്ല് കുത്തിയ അരി മില്ലുടമകൾ അവരുടെ ബ്രാൻഡിൽ വിൽപന നടത്തുകയും, അന്യസംസ്ഥാനത്തിൽ നിന്നും കൊണ്ടു വരുന്ന ഗുണ നിലവാരവും, വിലയും കുറഞ്ഞ അരി പകരമായി സപ്ലൈകോയ്ക്ക് നൽകി വൻ ലാഭം ഉണ്ടാക്കുന്നു എന്ന ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മദ്ധ്യമേഖലാ ഓഫീസിൽ പി.ഇ.03/2020/സി.ആർ.ഇ. നമ്പരായി പ്രാഥമികാന്വേഷണം നടന്നു വരുന്നു. സപ്ലൈകോയുടെ ധാന്യ സംസ്കരണ കരാർ എടുത്തിട്ടുള്ള മില്ലുകൾ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിന് മോശമായ അരി നൽകുന്നു എന്ന ആരോപണം സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 ൽ വി.ഇ.05/2020/എസ്.ഐ.യു-1 നമ്പരായി വിജിലൻസ് അന്വേഷണം നടന്നു വരുന്നു. |
| (ഇ) | എങ്കിൽ റേഷൻ വ്യാപാരികളും കാർഡ് ഉടമകളും ഇതു സംബന്ധിച്ച് നൽകിയ പരാതിയിൽ ഭക്ഷ്യ വകുപ്പ് ഇപ്പോൾ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന വിലകുറഞ്ഞ വെള്ളയരി തവിട്ടുപയോഗിച്ച് യന്ത്രസഹായത്തോടെ പോളിഷ് ചെയ്ത് മട്ടയാക്കി റേഷൻകടകൾ വഴി വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ